# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നന്ദിയോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വിഎം/ജി.പി.10/1846/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 27/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്ദിയോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വിഎം/ജി.പി.10/1846/2023 തീയ്യതി: 27/12/2023

# തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 06-12-2023 | 15-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-12-2023 | 15-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധുലാബീവി. എം, ഓഡിറ്റ് ഓഫീസർ (HG)

ശ്രീ. അനിൽ കുമാർ. ആർ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ. ജോസ്.ഡബ്ല്യൂ, അസി. ഓഡിറ്റ് ഓഫീസർ

ശ്രീ. അൻവർരാജ്. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. നിധിൻ കുമാർ. പി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശൈലജ രാജീവൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. നൈസാം .എസ് | സെക്രട്ടറി | 01-04-2022 | 09-10-2022 |
| ശ്രീ. കൃഷ്ണകുമാർ .ഇ.എസ് | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. നജീം .എൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 26-10-2022 |
| ശ്രീ. രാജേഷ് .എ | അസിസ്റ്റന്റ് സെക്രട്ടറി | 27-10-2022 | 31-03-2023 |
| ശ്രീമതി അതിഭ .പി.ബി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ലേഖ .കെ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. ജോർജ്ജ് മാത്യൂ | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 01-04-2022 | 03-05-2022 |
| ഡോ. ഹീര .റ്റി.എസ് | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 04-05-2022 | 06-05-2022 |
| ഡോ. സീമ .എസ് | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 07-05-2022 | 10-11-2022 |
| ഡോ. പി.ആർ. മനോജ് കുമാർ | മെഡിക്കൽ ഓഫീസർ, സി എച്ച് സി | 11-11-2022 | 31-03-2023 |
| ഡോ.സ്മിത പിള്ള | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീമതി. സരിത വിജയൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ദിവ്യാ .പി.എസ് | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. രഞ്ജിത .ആർ | വി.ഇ.ഒ. II | 01-04-2022 | 31-03-2023 |
| ശ്രീ. റാഫി .എ | വി.ഇ.ഒ. I | 01-04-2022 | 02-05-2022 |
| ശ്രീമതി. രഞ്ജിത .ആർ | വി.ഇ.ഒ. I | 03-05-2022 | 26-05-2023 |
| ശ്രീമതി. സഫീന .എസ് | വി.ഇ.ഒ. I | 27-05-2022 | 19-07-2022 |
| ശ്രീമതി. രഞ്ജിത .ആർ | വി.ഇ.ഒ. I | 19-07-2022 | 22-08-2022 |
| ശ്രീ. സനൽകുമാർ .വി.കെ | വി.ഇ.ഒ. I | 22-08-2022 | 31-03-2023 |
| ശ്രീമതി ലത | ഐ സി ഡി എസ് ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി സാജിത | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 24-05-2022 |
| ശ്രീമതി ഷീജ | ഹെഡ്മിസ്ട്രസ്സ് | 25-05-2022 | 30-06-2022 |
| ശ്രീമതി വിജയലക്ഷ്മി | ഹെഡ്മിസ്ട്രസ്സ് | 01-07-2022 | 31-03-2023 |
| ശ്രീമതി ദീപ .ബി.എൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിപിക്കറ്റ് | 1-1 |
| 2 | ഓഡിറ്റ് നിയമത്തിലെ സമയപരിധിക്കകം വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | വാർഷിക അനുപാതങ്ങൾ, താരതമ്യ തുകകൾ , വാർഷിക ധനകാര്യ പത്രികയിൻമേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് അപാകതകൾ | 1-1-3 |
| 5 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-4 |
| 6 | വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-5 |
| 7 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകളും പത്രികകളും ഹാജരാക്കിയിട്ടില്ല | 1-1-6 |
| 8 | സെക്കവേർഡ് ലോൺ ഇനത്തിലെ ബാധ്യതതുകയും പ്രീ-പെയ്ഡ് എക്സ്പെൻസ് തുകയും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | പൂർത്തിയാകാത്ത പ്രവൃത്തികളുടെ മൂല്യം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-8 |
| 10 | വസ്തു നികുതി - ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ILGMS ൽ ഉൾപ്പെട്ടിട്ടില്ല | 1-1-11 |
| 13 | ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള ചെക്കുകൾ അക്കൗണ്ടിൽ പണമായി വരവ് വന്നിട്ടില്ല. | 1-1-12 |
| 14 | 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരുപ്പ് വിവരങ്ങളിൽ ഉൾപ്പെട്ട തുകകൾ 2022-23 വർഷം മുന്നിരിപ്പായി ഉൾപ്പെടുത്തിയിട്ടില്ല | 1-1-13 |
| 15 | ഫെസ്റ്റിവൽ അഡ്വാൻസ്- തിരികെ കിട്ടാൻ ബാക്കി നിൽക്കുന്ന തുക - 4200/- ഈടാക്കേണ്ടതാണ്. | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | ബജറ്റ് - നിരീക്ഷണങ്ങൾ | 1-2-1 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | ഗ്രാന്റ് വിനിയോഗം- വിശകലനവും പൊരുത്തക്കേടുകളും | 1-4-1 |
| 21 | പദ്ധതി അവലോകനം | 1-5 |
| 22 | ക്ഷേമപദ്ധതികൾ | 1-6 |
| 23 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 24 | ആഭ്യന്തര നിയന്ത്രണം- | 1-8 |
| 25 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 26 | പണി പൂർത്തികരിക്കുന്നതിന് മുമ്പ് തുക നൽകി | 1-9-1 |
| 27 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 28 | പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സ്- വാടക സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല | 1-11 |
| 29 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 30 | ലേലവ്യവസ്ഥകൾ പാലിക്കപ്പെട്ടില്ല-ലേല തുക നഷ്ടപ്പെടാൻ സാധ്യത | 1-13 |
| 31 | രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-14 |
| 32 | സ്ത്രീ പദവി പഠനം - പെണ്ണടയാളങ്ങൾ - പദ്ധതി ലക്ഷ്യം തൻവർഷം കൈവരിച്ചില്ല | 1-15 |
| 33 | ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്. | 1-16 |

| | | |
|---|---|---|
| 34 | ലൈഫ് ഭവനപദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കാത്ത 34 ഗുണഭോക്താക്കൾ | 1-17 |
| 35 | ആദായനികുതി-ഈടാക്കിയില്ല | 1-18 |
| 36 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-19 |
| 37 | സ്ഥല ലഭ്യത ഉറപ്പുവരുത്താതെ പ്രോജക്ട് നിർവഹണം-ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല. | 1-20 |
| 38 | ബയോകമ്പോസ്റ്റ് ബിൻ - പദ്ധതി ഉദ്ദേശ ലക്ഷ്യം കൈവരിച്ചില്ല | 1-21 |
| 39 | ലൈഫ് ഭവനപദ്ധതി വീട് നിർമ്മാണം പൂർത്തികരിച്ചിട്ടില്ല | 1-22 |
| 40 | സബ്സിഡി മാർഗരേഖയിലെ നിബന്ധന പാലിക്കാതെ തുക നൽകി - 81610/- രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 41 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം- 395109/- രൂപ തടസ്സപ്പെടുത്തുന്നു | 1-24 |
| 42 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - നിർവ്വഹണത്തിലെ അപാകതകൾ | 1-25 |
| 43 | അംഗൻവാടി പോഷകാഹാരം (ജനറൽ)- കോ-ഓപ്പറേറ്റീവ് ബാങ്ക് നൽകിയ 1,27,817/- രൂപയുടെ ക്യാഷ് ബില്ലുകൾക്ക് രണ്ടു തവണ പണം നൽകി. | 1-26 |
| 44 | ജ്വാല-പദ്ധതി അപാകതകൾ | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.07.2023 ലെ 7(1)-ാം നം. ജനറൽ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 10.08.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നന്ദിയോട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.23 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നന്ദിയോട് ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 ഓഡിറ്റ് നിയമത്തിലെ സമയപരിധിക്കകം വാർഷിക ധനകാര്യ പത്രിക സമർപ്പിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക,1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരമുള്ള നിർദ്ദിഷ്ട സമയപരിധിയായ , 2023 ജൂലയ് 31 നകം ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. (10.08.20203 നാണ് സമർപ്പിച്ചത്). ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ 04/2022-23 തീയതി 06.12.2023) ക്ക് 2022-23 വർഷത്തിലാണ് ILGMS സോഫ്റ്റ് വെയർ പഞ്ചായത്തിൽ നിലവിലൽ വന്നതെന്നും മാർച്ച് മാസത്തെ അനവധി പേയ്മെന്റുകൾ പെന്റിംഗ് ടാസ്കിൽ ചെയ്യേണ്ടിവന്നതിനാലാണ് സമയപരിധിക്കകം വാർഷിക ധനകാര്യ പത്രിക സമർപ്പിക്കാൻ കഴിയാതെ പോയതെന്നും മറുപടി ലഭ്യമാക്കി. വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭ്യമാക്കുന്ന വിഷയത്തിൽ ഭാവിയിൽ ഓഡിറ്റ് നിയമത്തിലെ സമയപരിധി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-2 വാർഷിക അനുപാതങ്ങൾ, താരതമ്യ തുകകൾ , വാർഷിക ധനകാര്യ പത്രികയിൻമേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൌണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ , വാർഷിക ധനകാര്യ പത്രികയിൻമേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (ഓഡിറ്റ് എൻക്വയറി നമ്പർ 04/2022-23 തീയതി 06.12.2023) ക്ക് 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ അപാകത വരാതെ ശ്രദ്ധിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട് .ചട്ട

വ്യവസ്ഥകൾക്കനുസൃതമായി വാർഷിക ധനകാര്യ പത്രിക തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് അപാകതകൾ

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated (20605210)എന്നത് Net Increase/decrease In Cash And Cash Equivalents (2868024) മായി പൊരുത്തപ്പെടുന്നില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 04/2022-23 തീയതി 06.12.2023 ക്ക് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയപ്പോൾ നേരിട്ട സാങ്കേതിക പ്രശ്നം കാരണമാണ് പൊരുത്തക്കേടുണ്ടായിട്ടുള്ളതെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട് . വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ പൊതുവായ അക്കൗണ്ടിംഗ് പ്രമാണങ്ങളും അടിസ്ഥാന തത്വങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-4 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2023 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9/ബി 10 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 04/2022-23 തീയതി 06.12.2023 ക്ക് വരും വർഷങ്ങളിൽ അപാകത വരാതെ ശ്രദ്ധിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടിംഗിലെ പൊതുവായ തത്വങ്ങളും അടിസ്ഥാന ആശയങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-5 വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

വർഷാന്ത്യ സ്റ്റോക്ക് മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റിൽ ബി 14ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 04/2022-23 തീയതി 06.12.2023ക്ക് വരും വർഷങ്ങളിൽ അപാകത വരാതെ ശ്രദ്ധിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ അക്കൗണ്ടിംഗിലെ പൊതുവായ തത്വങ്ങളും അടിസ്ഥാന ആശയങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-1-6 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകളും പത്രികകളും ഹാജരാക്കിയിട്ടില്ല

I 17(A) ഷെഡ്യൂളിൽ തൻ വർഷത്തെ ഡിപ്രിസിയേഷൻ (തുക 48,17,886/-) കണക്കാക്കിയതിന്റേയും B 11(a) ഷെഡ്യൂളിൽ അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റേയും രേഖകളും പത്രികകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 04/2022-23 തീയതി 06.12.2023ക്ക് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികതയും കൃത്യതയും ഓഡിറ്റിൽ പരിശോധിച്ചുറപ്പിക്കുന്നതിനായി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

### 1-1-7 സെക്യുവേർഡ് ലോൺ ഇനത്തിലെ ബാധ്യതതുകയും പ്രീ-പെയ്ഡ് എക്സ്പെൻസ് തുകയും പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് B5 ഷെഡ്യൂൾ പ്രകാരം സെക്യുവേർഡ് ലോൺ ഇനത്തിലെ ബാധ്യത 92251594/-രൂപ എന്നാൽ B16 ഷെഡ്യൂൾ പ്രകാരം Pre-paid Expense തുക 88911594/- എന്ന് കാണുന്നു. വ്യത്യാസം വിശദമാക്കുന്നതിനുതകുന്ന രേഖകളും/പത്രികകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 04/2022-23 തീയതി 06.12.2023ക്ക് വരും വർഷങ്ങളിൽ ഇത്തരം അപാകത വരാതെ ശ്രദ്ധിക്കുന്നതാണെന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികതയും കൃത്യതയും ഓഡിറ്റിൽ പരിശോധിച്ചുറപ്പിക്കുന്നതിനായി വ്യത്യാസം സംഭവിച്ചതിനുള്ള കാരണം കണ്ടെത്തി അറിയിച്ചിട്ടില്ല. ആവശ്യപ്പെട്ട വിവരങ്ങൾ , രേഖകളുടെ പിൻബലത്തോടെ , ലഭ്യമാക്കേണ്ടതാണ്.

### 1-1-8 പൂർത്തിയാകാത്ത പ്രവൃത്തികളുടെ മൂല്യം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

ബാലൻസ് ഷീറ്റ് B11(b) ഷെഡ്യൂൾ (Head Code 412010101) പ്രകാരം ചെയ്തു വരുന്നതും പൂർത്തിയാകാത്തതുമായ പ്രവൃത്തികളുടെ മൂല്യം പൂജ്യം എന്ന് തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ 2022-23 ൽ മാത്രം പാർട്ട് ബില്ലുകൾക്കായി ചെലവായ തുകകൾക്ക് ഉദാഹരണം ചുവടെ ചേർക്കുന്നു.

1.ചെക്കോലക്കോണം റോഡ് കോൺക്രീറ്റ് (ബിൽ നം.591 തീയതി 28.03.2023) രൂ.141024/-

2.പേരയം ആയുർവേദ ആശുപത്രി പടി നിർമ്മാണം (ബിൽ നം.614തീയതി 30.03.2023) രൂ.76678/-

3.കൃഷി ഭവൻ ഹാൾ നിർമ്മാണം (AE Proj No.26/23) രൂ.1065514/-

## 1-1-9 വസ്തു നികുതി - ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

പ്രോപ്പർട്ടി ടാക്സ് ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാർഷിക കണക്കുകളും സഞ്ചയയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | സഞ്ചയ പ്രകാരം | | | വാർഷിക കണക്കുകൾ പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| റസിഡൻഷ്യൽ (കറന്റ്) + നോൺ റസിഡൻഷ്യൽ (കറന്റ്) | 4020853 | 3138848 | 860745 | 3827158 | 3200105 | 657648 |
| റസിഡൻഷ്യൽ (അരിയർ) + നോൺ റസിഡൻഷ്യൽ (അരിയർ) | 2452648 | 1171189 | 1281459 | 2382047 | 1231492 | 1088981 |

മേൽ പരാമർശിച്ച വ്യത്യാസത്തിൻ മേൽ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 28/2022-23 തീയതി 14.12.2023) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികതയും കൃത്യതയും ഓഡിറ്റിൽ പരിശോധിച്ചുറപ്പിക്കുന്നതിലേക്കായി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-10 വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പരസ്പരം പൊരുത്തപ്പെടുന്നില്ല . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| റസിഡൻഷ്യൽ (കറന്റ്) | 1246346 | 964487 | 294473 |
| നോൺ റസിഡൻഷ്യൽ (കറന്റ്) | 2580812 | 2235618 | 363175 |
| റസിഡൻഷ്യൽ (അരിയർ) | 1014073 | 637908 | 344270 |
| നോൺ റസിഡൻഷ്യൽ (അരിയർ) | 1367974 | 593584 | 744711 |

വ്യത്യാസത്തിൻ മേൽ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 28/2022-23 തീയതി 14.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട തുകകളുടെ ആധികാരികതയും കൃത്യതയും ഓഡിറ്റിൽ പരിശോധിച്ചുറപ്പിക്കുന്നതിലേക്കായി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-1-11 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങൾ ILGMS ൽ ഉൾപ്പെട്ടിട്ടില്ല

2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാങ്ക് അക്കൗണ്ടുകളുടെ വിശദാംശങ്ങളിലും (B17) , നീക്കിയിരുപ്പ് വിവരങ്ങളിലും (RP 40(b)) ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ ILGMS ൽ ഉൾപ്പെട്ടിട്ടില്ലെന്ന് കാണുന്നു.

| ക്രമ നം. | ബാങ്ക് | അക്കൗണ്ട് നം | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള |
|---|---|---|---|

| | | | |
|---|---|---|---|
| | | | നീക്കിയിരുപ്പ് |
| 1 | Nationalised Bank Account Of Own Revenue Fund | വിവരം ലഭ്യമല്ല | 21059/- |

മേൽ അപാകത ഓഡിറ്റ് എൻക്വയറി നമ്പർ 20/2022-23 തീയതി 12.12.2023മുഖാന്തിരം ശ്രദ്ധയിൽപ്പെടുത്തിയിരുന്നതിന് രേഖകളുടെ പിൻബലത്തോടെയുള്ള വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ചൂണ്ടിക്കാണിച്ച പൊരുത്തക്കേടിൻ മേൽ ,രേഖകൾ സഹിതമുള്ള, വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-12 ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള ചെക്കുകൾ അക്കൗണ്ടിൽ പണമായി വരവ് വന്നിട്ടില്ല.

| ക്രമ നം. | അക്കൗണ്ട് വിവരം | വൗച്ചർ നം./തീയതി | തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 58760100005314 @ Bank Of Baroda IFSC BARB0NANNIY) | 1220000308/ 3.03.2023 | 36000/- | NIL |

മേൽ പരാമർശിച്ച രസീത് വൗച്ചർ മുഖാന്തിരം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ചെക്ക് അക്കൗണ്ടിൽ പണമായി വരവ് വരാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൻ മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/2022-23 തീയതി 12.12.2023ക്ക് രേഖകളുടെ പിൻബലത്തോടെയുള്ള വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ചൂണ്ടിക്കാണിച്ച അപാകതയിൻ മേൽ , ആവശ്യമായ രേഖകൾ സഹിതമുള്ള, വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-1-13 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ നീക്കിയിരുപ്പ് വിവരങ്ങളിൽ ഉൾപ്പെട്ട തുകകൾ 2022-23 വർഷം മുന്നിരിപ്പായി ഉൾപ്പെടുത്തിയിട്ടില്ല

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാങ്ക് /ട്രഷറി നീക്കിയിരുപ്പ് വിവരങ്ങളിൽ (RP 40(b)) ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന ബാങ്ക് /ട്രഷറി അക്കൗണ്ടിലെ തുകകൾ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ മുന്നിരുപ്പ് വിവരങ്ങളിൽ (RP 40(a)) ഉൾപ്പെട്ടിട്ടില്ലെന്ന് കാണുന്നു.

| ക്രമ നം. | ബാങ്ക് /ട്രഷറി | അക്കൗണ്ട് നം. | 2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരുപ്പ് |
|---|---|---|---|
| 1 | Treasury Special Fund Old SGRY | ലഭ്യമല്ല | 6612 |
| 2 | Treasury Special TSB-Joint Vencture | ലഭ്യമല്ല | 1000000 |
| | | **ആകെ** | **1006612** |

മേൽ പരാമർശിച്ച അക്കൗണ്ടുകളുടെ വിവരം 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ മുന്നിരുപ്പായി ഉൾപ്പെടാത്തതു കാരണം 2021-22 വർഷത്തെ നീക്കിയിരുപ്പും 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ മുന്നിരുപ്പും തമ്മിൽ 1006612/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നുണ്ട്. 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ബാങ്ക് /ട്രഷറി നീക്കിയിരുപ്പ് വിവരങ്ങൾ (RP 40(b)) പ്രകാരം ക്യാഷ് ബാക്കി 158585/- രൂപയും ബാങ്ക് /ട്രഷറി നീക്കിയിരുപ്പ് 19403726/- രൂപയും ചേർത്ത് 19562311/- രൂപയാണ് 31.03.2022 ലെ ആകെ നീക്കിയിരുപ്പ്. എന്നാൽ 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ മുന്നിരുപ്പ് വിവരങ്ങൾ (RP 40(a)) പ്രകാരം പ്രാരംഭ ക്യാഷ് മുന്നിരുപ്പ് 158585/- രൂപയും ബാങ്ക് /ട്രഷറി മുന്നിരുപ്പ് 18397114/- രൂപയും ചേർത്ത് 18555699/- രൂപയാണ് 01.04.2023 ലെ ആകെ മുന്നിരുപ്പ്. മുന്നിരുപ്പ്-നീക്കിയിരുപ്പ് വിവരങ്ങളിലെ ചേർച്ചയില്ലായ്മയിൻ മേൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/2022-23 തീയതി 12.12.2023ക്ക് പ്രസ്തുത അക്കൗണ്ടുകൾ നിഷ്ക്രിയമായതിനാൽ സർക്കാർ ഫണ്ടിലേക്ക് എടുത്തിട്ടുള്ളതാണെന്നും ആയതിനാലാണ് ടി അക്കൗണ്ടുകൾ ഉൾപ്പെടാതെ പോയതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മറുപടി സാധൂകരിക്കുന്നതിനുള്ള രേഖകളോ തെളിവുകളോ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള മുന്നിരിപ്പിൽ വ്യക്തത വരുത്തേണ്ടത് അനിവാര്യമായതിനാൽ ഇക്കാര്യത്തിലുള്ള അധിക രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**മറ്റ് അപാകങ്ങൾ**

## 1-1-14 ഫെസ്റ്റിവൽ അഡ്വാൻസ്- തിരികെ കിട്ടാൻ ബാക്കി നിൽക്കുന്ന തുക - 4200/- ഈടാക്കേണ്ടതാണ്.

വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് B18 ഷെഡ്യൂൾ പ്രകാരം (ഹെഡ് കോഡ് 460100101) ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് അനുവദിച്ചയിനത്തിൽ 4200/- രൂപ തിരികെ കിട്ടാൻ ബാക്കി നിൽക്കുന്നതായി കാണുന്നു. തുക ഇനത്തിൽ നൽകിയ തുകയിൽ 4200/- രൂപ തിരികെ കിട്ടാനുണ്ടെന്ന് കാണുന്നു. ടി തുക 2020-21 വർഷം 3000/- രൂപയും2022-23 വർഷത്തെ 1200/- രൂപയും തിരികെ കിട്ടാനുണ്ടന്ന് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 06/2022-23 തീയതി 07.12.2023) മറുപടി അറിയിച്ചിട്ടുണ്ട്. മേൽ തുകകൾ പ്രസ്തുത ജീവനക്കാരിൽ നിന്നും പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209ഇ പ്രകാരമുള്ള പിഴപലിശ (പ്രതി മാസം ഒരു ശതമാനം) സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ഭരണസമിതിയുടെ 23.03.2022 ലെ 1(1) ആം നമ്പർ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് അംഗീകരിക്കുകയുണ്ടായി.ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 20899732 |
| റവന്യൂ വരവ് | 115134800 |
| മൂലധന വരവ് | 583029000 |
| ആകെ വരവ് | 698163800 |
| ആകെ | 719063532 |
| റവന്യൂ ചെലവ് | 669610000 |
| മൂലധന ചെലവ് | 10000000 |
| ആകെ ചെലവ് | 679610000 |
| നീക്കിയിരിപ്പ് | 39453532 |

തുടർന്ന് സർക്കാർ/ ഇതര ഗ്രാന്റുകളുടേയും വരവിലുണ്ടായ വ്യത്യാസങ്ങൾ കാരണവും വാർഷികപദ്ധതിയിലുണ്ടായ ഭേദഗതികളുടെ ഭാഗമായും വരവ് ചെലവ് കണക്കുകളിൽ വന്ന മാറ്റത്തിനനുസൃമായി ബജറ്റ് പുതുക്കി തയ്യാറാക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 08.03.2023 ലെ 12(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 20899732 |
| റവന്യൂ വരവ് | 180134800 |
| മൂലധന വരവ് | 518229000 |
| ആകെ വരവ് | 698363800 |
| ആകെ | 719263532 |
| റവന്യൂ ചെലവ് | 670946000 |
| മൂലധന ചെലവ് | 10000000 |
| ആകെ ചെലവ് | 680946000 |
| നീക്കിയിരിപ്പ് | 38317532 |

## 1-2-1 ബജറ്റ് - നിരീക്ഷണങ്ങൾ

1. ബജറ്റ് രൂപീകരണം

എ) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ, ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ മേൽപ്പറഞ്ഞവ ബജറ്റ് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

സി) 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു.

ഡി) ബജറ്റ് തയ്യാറാക്കുന്നതിനായി തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറണ്ട് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലഫോൺ, ഇന്റർനെറ്റ്, ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക രൂപത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

എന്നാൽ മേൽ പറഞ്ഞ വിവരങ്ങൾ ഉൾപ്പെടുത്തിയ ഫയലുകളോ പൂർണ്ണമായ ഫയൽ വിവരങ്ങളോ ബജറ്റ് സംബന്ധിച്ച അധിക വിശദാംശങ്ങളോ ഓഡിറ്റിന് ഹാജരാക്കാത്തതിനുള്ള കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് എൻക്വയറി നമ്പർ 03/2022-23 തീയതി 06.12.2023) ഓഫീസ് മാറ്റം നടക്കുന്നതിനാൽ രേഖകൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ബജറ്റ് തയ്യാറാക്കുമ്പോൾ മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതും അതോടൊപ്പം ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 18555699 |
| ഓഡിറ്റ് വർഷത്തെ വരവ് | 61487146 |
| ആകെ വരവ് | 80042845 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 58619122 |
| നീക്കിയിരിപ്പ് | 21423723 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 24675598 | 24675598 | 30637648 | -5962050 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 7285957 | 7285957 | 5916353 | 1369604 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 1999048 | 1999048 | 2779826 | -780778 |
| സി.എഫ്.സി. ടൈഡ് | 0 | 12048423 | 12048423 | 2937503 | 9110920 |
| സി.എഫ്.സി. അൺടൈഡ് | 0 | 5144682 | 5144682 | 6462886 | -1318204 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8658000 | 8658000 | 8658000 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 7690000 | 7690000 | 7613322 | 76678 |
| CSS | 0 | 0 | 0 | 991935 | -991935 |
| SSS | 0 | 0 | 0 | 5120000 | -5120000 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവിധ ഗ്രാന്റുകളുടെ വരവ്, ചെലവ് വിശദാംശം മുകളിൽ ചേർത്തിരിക്കുന്നു

## 1-4-1 ഗ്രാന്റ് വിനിയോഗം- വിശകലനവും പൊരുത്തക്കേടുകളും

ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ ചെലവു പത്രിക, എ.സി.ആർ, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട പൊരുക്കേടുകൾ ചുവടെ ചേർക്കുന്നു.

1)വികസനഫണ്ട് (പൊതുവിഭാഗം) അലോട്ട്മെന്റിൽ നിന്നും ലൈഫ് വായ്പ തിരിച്ചടവിനത്തിൽ പ്രോജക്റ്റ് നം.266,278/2023 എന്നിവ പ്രകാരം 7374794 രൂപയും അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ പ്രോജക്റ്റ് നം.265,269,277/2023എന്നിവ പ്രകാരം 1314000 രൂപയും ഉൾപ്പടെ ആകെ 8688794/- രൂപ സ്രോതസ്സിൽ നിന്നും കുറവു ചെയ്താണ് സർക്കാർ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ നിന്നും കുറവുചെയ്യുന്ന തുക ഗ്രാമപഞ്ചായത്ത് പദ്ധതി വരവായും, ചെലവായും ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ സ്രോതസ്സിൽ നിന്നും ഈടാക്കിയ തുകക്ക് വരവു രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വികസനഫണ്ടിൽ(പൊതുവിഭാഗം) ചെലവു തുകകൾ വരവിലുമധികമായി രേഖപ്പെടുത്തി നെഗറ്റീവ് നീക്കിയിരുപ്പ് രേഖപ്പെടുത്തിയിരിക്കുന്നു. സമാനമായി വികസനഫണ്ട് (ടി,എസ്.പി) യിലും നെഗറ്റീവ് നീക്കിയിരുപ്പാണ് കാണിച്ചിരിക്കുന്നത്.

2) കേന്ദ്രാവിഷ്കൃത പദ്ധതി, സംസ്ഥാനാവിഷ്കൃത പദ്ധതി ഫണ്ടുകളുടെ മുന്നിരുപ്പ്, വരവ്, ചെലവ് വിശദാംശങ്ങൾ ഫണ്ട് ഇനം തിരിച്ച് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

4) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| **മേഖല** | **വിഭാഗം** | **അടങ്കൽ (മറ്റുള്ളവ ഒഴികെ)** | **ചെലവ് ( മറ്റുള്ളവ ഒഴികെ)** | **ചെലവ് %** |
|---|---|---|---|---|
| **ഉല്പാദനം** | പൊതുവിഭാഗം | 12698484 | 9309994 | 73 |
| | പട്ടിക ജാതി വിഭാഗം | 279600 | 154200 | 55 |
| | പട്ടികവർഗ്ഗ വിഭാഗം | 313800 | 274200 | 87 |

| | | | | |
|---|---|---|---|---|
| **സേവനം** | പൊതുവിഭാഗം | 65034411 | 33529052 | 52 |
| | പട്ടികജാതി വിഭാഗം | 18949707 | 6592767 | 35 |
| | പട്ടികവർഗ്ഗ വിഭാഗം | 26129008 | 7169282 | 27 |
| **പശ്ചാത്തലം** | പൊതുവിഭാഗം | 25288028 | 19220455 | 76 |
| | പട്ടികജാതി വിഭാഗം | 1592813 | 0 | 0 |
| | പട്ടികവർഗ്ഗ വിഭാഗം | 302000 | 171612 | 57 |

5) സർക്കാർ ഉത്തരവ് (കൈ)നം.84/2022/ത.സ്വ.ഭ.വ. തീയതി.19.04.22, ഖണ്ഡിക 6.1(1),6.2(1) എന്നിവ പ്രകാരം പട്ടികജാതി , പട്ടികവർഗ്ഗ ഉപപദ്ധതിവിഹിതം പാഴാക്കാനോ, വകമാറ്റി ചെലവഴിക്കാനോ പാടില്ല എന്നിരിക്കെ സേവന **മേഖലയിൽ** പട്ടികജാതി വിഭാഗത്തിന് അനുവദനീയമായിരുന്ന 18949707 രൂപയിൽ 6592767 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. അതുപോലെ പശ്ചാത്തലമേഖലയിൽ പട്ടികജാതി വിഭാഗത്തിന് അനുവദനീയമായിരുന്ന 1592813 രൂപയിൽ ചെലവുണ്ടായിട്ടില്ല. കൂടാതെ സേവന **മേഖലയിൽ** പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദനീയമായിരുന്ന 26129008രൂപയിൽ 7169282 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നീക്കിവച്ചിരുന്ന തുകകളിൽ യഥാക്രമം 35,27 ശതമാനങ്ങൾ മാത്രമേ സേവന-**പശ്ചാത്തല മേഖലകളിൽ** ചെലവഴിച്ചിട്ടുള്ളുവെന്നതും പശ്ചാത്തലമേഖലയിൽ പട്ടികജാതി വിഭാഗത്തിന് നീക്കിവച്ചിരുന്നതുക ചെലവഴിക്കാത്തതും പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശങ്ങളിൽ നിന്നുള്ള വ്യതിചലമാണ്. ഗ്രാന്റ് വിനിയോഗത്തിൽ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിനും, പദ്ധതി തുകയുടെ വിനിയോഗം കാര്യക്ഷമമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

6) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവ് തുകകൾ എ.സി.ആർ, സുലേഖ പത്രിക.വാർഷിക ധനകാര്യ പത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | വരവ് (രൂ) | | | ചെലവ് (രൂ) | | |
|---|---|---|---|---|---|---|
| | ഗ്രാന്റ് | എ.സി.ആർ | എ.എഫ്.എസ് | ഗ്രാന്റ് | എ.സി.ആർ | സുലേഖ |
| വികസനഫണ്ട് (ജനറൽ) | 24675598 | 24675598 | 30637648 | 30637648 | 24675598 | 30637648 |
| വികസനഫണ്ട് (എസ്.സി.പി) | 7285957 | 7285957 | 5916353 | 5916353 | 5470544 | 5916353 |
| വികസനഫണ്ട് (ടി എസ് പി) | 1999048 | 1999048 | 2779826 | 2779826 | 1997664 | 2779826 |
| കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ്(ടൈഡ്) | 12048423 | 12048423 | 4369687 | 2937503 | 2937503 | 9400389 (Tied+untied) |
| കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ്(അൺ ടൈഡ്) | 5144682 | 5144682 | 7030415 | 6462886 | 6504462 | 9400389 (Tied+untied) |
| മെയിന്റനൻസ് റോഡ് | 8658000 | 8658000 | 8658000 | 8658000 | 8658000 | 8658000 |
| മെയിന്റനൻസ് റോഡിതരം | 7690000 | 7690000 | 7613322 | 7613322 | 7690000 | 7613322 |
| കേന്ദ്രാവിഷ്കൃത പദ്ധതി | 0 | ----- | ------ | 991935(നീക്കിയിരുപ്പ് - 991935ആയി കാണിച്ചിരിക്കുന്നു) | | 991935 |
| സംസ്ഥാനാവിഷ്കൃത | 0 | ---- | ------ | 5120000(നീക്കിയിരുപ്പ് | | 5120000 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | | | | -5120000 ആയി കാണിച്ചിരിക്കുന്നു) | | |

മേൽ പരാമർശിച്ച വ്യത്യാസങ്ങൾക്കുള്ള കാരണം മതിയായ രേഖകളുടെ പിൻബലത്തോടെ വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 12/2022-23 തീയതി 08.12.2023) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച ഓരോ ഫണ്ടിനങ്ങളുടെ കാര്യത്തിലും, വരവ്-ചെലവ് വിശദാംശങ്ങളിൽ ഉണ്ടായിട്ടുള്ളതും മേൽപരാമർശിച്ചതുമായ വ്യതിയാനങ്ങളിൻമേലും പൊരുത്തക്കേടുകളിൻമേലും വ്യക്തമായ വിശദീകരണം , രേഖകളുടെ പിൻബലത്തോടെ, ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഫണ്ട് വിനിയോഗം


2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(എ)


| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 33707382 | 30637648 | 3069734 |
| വികസന ഫണ്ട് എസ്.സി.പി | 8195618 | 5916353 | 2279265 |
| വികസന ഫണ്ട് ടി.എസ്.പി. | 2987000 | 2779826 | 207174 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 7690000 | 7613322 | 76678 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 8658000 | 8658000 | - |
| **ആകെ** | **61,238,000** | **55605149** | **5632851** |

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**




**(2)**




(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 10 | 1 | 1836290 | 1636665 | 89 |
| വെറ്റിനറി സർജൻ | 18 | 17 | 1 | 11654200 | 5680074 | 48.7 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 7 | 5 | 2 | 2328372 | 2081978 | 89.42 |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 5 | 5 | 0 | 1469100 | 1469100 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -II | 14 | 10 | 4 | 20666000 | 7448000 | 36 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -I | 17 | 15 | 2 | 38856776 | 9869963 | 25.4 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 18 | 13 | 5 | 7754852 | 4617273 | 59.54 |
| സെക്രട്ടറി | 52 | 39 | 13 | 29246993 | 21604144 | 73.86 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 53 | 17 | 26261765 | 16688144 | 63.5 |
| ഹെഡ് മാസ്റ്റർ | 5 | 5 | 0 | 4310879 | 2433844 | 56.46 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 2100000 | 1319607 | 62.84 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 5 | 6 | 8577718 | 1549214 | 18 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 0 | 361716 | 23556 | 65 |
| ആകെ | 230 | 179 | 51 | 150587851 | 76421562 | 50 |

*ഹെൽത്ത് ഗ്രാന്റ് (വരവ് : 789312, ചെലവ് : 696896)

(സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 42565236 | 30637648 | 71.97 |
| എസ്.സി.പി. | 10490679 | 5916353 | 56.4 |

| | | | |
|---|---|---|---|
| ധനകാര്യ കമ്മിഷൻ അവാർഡ് | 22009739 | 9400389 | 42.71 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 4110000 | 991935 | 24.13 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 28550000 | 5120000 | 17.93 |
| തനത് ഫണ്ട് | 4381127 | 2225537 | 50.80 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 6588235 | 1268497 | 19.25 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 7366838 | 1113159 | 15.11 |
| മെയിന്റനൻസ് റോഡ് | 10438650 | 8658000 | 83 |
| മെയിന്റനൻസ് റോഡിതരം | 9323083 | 7613322 | 81.66 |
| മറ്റുള്ളവ | 50886004 | 8476200 | 16.65 |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴിവാക്കി) | ചെലവ് ശതമാനം |
|---|---|---|---|---|---|
| 230 | 179 | 51 | 150587851 | 76421562 | 50.94 |

<u>ആസൂത്രണ സമിതി</u>

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച് ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ടെങ്കിലും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.02/06.12.23-ന്റെ മറുപടി).

നിലവിലെ ആസൂത്രണ സമിതി, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ല.

<u>വർക്കിംഗ് ഗ്രൂപ്പ്</u>

വർക്കിംഗ് ഗ്രൂപ്പുകൾ തൻവർഷം 2 യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. പതിനാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം.84/2022) ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ മോണിറ്ററിംഗിന്റെ വിവരങ്ങൾ മിനിട്സ് ചെയ്തിട്ടില്ല.

സ്റ്റാറ്റസ് റിപ്പോർട്ട്

1. വാർഷികപദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി, അവസ്ഥാരേഖ പരിഷ്കരിച്ചിട്ടുണ്ട്.

2. സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള താഴെ ചേർക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെ വിശദാംശവും ഏറ്റെടുക്കാത്ത ഏതാനും പദ്ധതികളുടെ വിശദാംശംവും ചുവടെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.02/07.12.23-ന്റെ മറുപടി)

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം | പ്രോജക്ട് |
|---|---|---|---|---|
| 1 | സാമൂഹികമേഖല | ഗുരുതരം | 1. സ്ത്രീകൾക്ക് സ്വയംസഹായ സംഘങ്ങൾ | 200/23-ഉണിസഞ്ചി നിർമ്മാണ യൂണിറ്റ് |
| 2 | കൃഷി | അതീവ ഗുരുതരം | കാട്ടിൽ നിന്നും വന്യമൃഗങ്ങൾ കൃഷി സ്ഥലത്തെത്തുക | 154/23-സോളാർ ഫെൻസിങ് സംയുക്ത പദ്ധതി |
| 3 | വനിത വികസനം | അതീവ ഗുരുതരം | വനിതാശാക്തീകരണം | 208/23-ജ്വാല സ്ത്രീകളുടെ സമഗ്ര വികസനവും സുരക്ഷയും<br>209/23-സ്ത്രീപദവി പഠനം പെണ്ണടയാളങ്ങൾ |
| 4 | ആരോഗ്യം | അതീവ ഗുരുതരം | കുട്ടികളുടെ വളർച്ചാവൈകല്യം കണ്ടെത്തുന്നതിന് സൗകര്യമില്ലായ്മ | പ്രോജക്ട് ഏറ്റെടുത്തിട്ടില്ല. |
| 6 | കുടിവെള്ളം | അതീവ | പ്ളാസ്റ്റിക് മാലിന്യങ്ങൾ | |

| | | | | |
|---|---|---|---|---|
| | ശുചിത്വം | ഗുരുതരം | | |

ഗ്രാമസഭ

പതിനാലാം പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ ചർച്ച ചെയ്തതല്ലാതെ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല. 07.12.23-ന് നൽകിയ ഓഡിറ്റ് എൻക്വയറി നം.2-ന് ലഭ്യമാക്കിയ മറുപടി പ്രകാരം, മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾക്കായി ചർച്ച നടത്തിയിട്ടില്ല, തൻ വർഷം, തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പദ്ധതികൾ ഏറ്റെടുത്തിട്ടില്ല, തൻ വർഷത്തെ പദ്ധതിൽ നൂതന പ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ല, സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭിച്ചിട്ടില്ല.

പദ്ധതി രൂപീകരണ നിർവ്വഹണ വേളയിൽ ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ പങ്കാളിത്തവും മേൽനോട്ടവും ഉറപ്പുവരുത്തുന്നതിനും ഗ്രാമ സഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ജനോപകാരപ്രദവും ജനങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതുമായ പദ്ധതികൾ പ്രോജക്ടുകളായി ഉൾക്കൊള്ളിക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്.

ക്ലേശ ഘടകങ്ങൾ പരിശോധിച്ച് അതിതനുസൃതമായി പദ്ധതി രൂപീകരണം, നർവ്വഹണം എന്നിവ നിർവ്വഹിക്കേണ്ടതുണ്ട്.

## 1-6 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 11,520 | 16 |
| കർഷക തൊഴിലാളി പെൻഷൻ | 49,18,600 | 406 |
| വിധവ പെൻഷൻ | 17,752,400 | 1603 |
| വാർദ്ധക്യകാല പെൻഷൻ | 3,17,72,500 | 3002 |
| വികലാംഗ പെൻഷൻ | 35,91,000 | 319 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 7,06,000 | 60 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2023 തീയതിയിൽ 11.15എ.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20100/- (ഇരുപതിനായിരത്തി ഒരുനൂറ്) രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം-

1. ഡിമാന്റ് ചെയ്ത നികുതി പിരിച്ചെടുക്കുന്നതിന് കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. നികുതി ശതമാനം കുറഞ്ഞതിനാൽ വികസന ഫണ്ട് 3,42,990/- രൂപ കുറവ് ചെയ്താണ് ലഭിച്ചത്.
2. സഞ്ചയ സോഫ്റ്റ്‌വെയറിൽ കെട്ടിട വിസ്തീർണം കൃത്യമാക്കുകയും 2023 ഒന്നാം അർദ്ധവർഷം മുതൽ നികുതി വർദ്ധിപ്പിച്ച് കുടിശ്ശിക ഈടാക്കേണ്ടതുമാണ്.
3. അസറ്റ് രജിസ്റ്റർ കാലികമാക്കേണ്ടതാണ്.
4. മോണിറ്ററിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്.
5. മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം മാത്രം പ്രോജക്ടുകൾ നിർവഹിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.
6. ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട അനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
7. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ പെടുന്ന ഖരമാലിന്യ സംസ്കരണം പോലെയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതാണ്.

## 1-9 തൊഴിലുറപ്പ് പദ്ധതി

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ* | 909610 | 1343077 | 2252687 | 89558 | 137938 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 114901000 | 114901000 | 114901000 | 0 |

* ക്യാഷ് ബുക്ക് പ്രകാരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 909610 | 1772731 | 2682341 | 2544402 | 137939 |

ക്യാഷ് ബുക്ക് പ്രകാരമുള്ള വിവിരങ്ങളും വാർഷിക കണക്കുകൾ പ്രകാരമുള്ള വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഭരണചെലവുകൾ (89558) + ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക (114901000) = 114990558/- എന്നത് I6 പ്രകാരമുള്ള തുകയുമായി (117015749) പൊരുത്തപ്പെടുന്നില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-9-1 പണി പൂർത്തികരിക്കുന്നതിന് മുമ്പ് തുക നൽകി

എം.ജി.എൻ.ആർ.ജി.എസ് മുഖേന നടത്തിയ ഏതാനും ചില വ്യക്തിഗത മെറ്റീരിയൽ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും പണി പൂർത്തികരിക്കുന്നതിന് മുമ്പ് ഗുണഭോക്താക്കൾക്ക് തുക നൽകി. ഏതാനും ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | വർക്ക്കോഡ് | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|---|
| ജയകുമാരി | IF /731663 | ആട്ടിൻകൂട് നിർമ്മാണം | 2177 |
| ബീന | IF /695630 | കോഴിക്കൂട് നിർമ്മാണം | 2177 |
| ഗിരിജ കുമാരി.എസ് | IF /695677 | ആട്ടിൻകൂട് നിർമ്മാണം | 2177 |
| ഷർമിള | IF /742600 | കോഴിക്കൂട് നിർമ്മാണം | 2177 |

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം- 37/2022-23 (തീയതി 15.12.2023) ലഭ്യമാക്കിയ മറുപടിയിൽ അവിദഗ്ധ വേതനം മാത്രമേ നൽകിയിട്ടുള്ളുവെന്നും പണി പൂർത്തീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. ഇത്തരത്തിൽ മറ്റ് ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 05.2022 വരെ | 01.08.2021 മുതൽ 31.03.2022 വരെ | 23.06.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.2022 | 4/2017മുതൽ 6/22 വരെ | 30.11.2022 |

## 1-11 പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലെക്സ്- വാടക സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല

പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലെക്സിലെ കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്.എന്നാൽ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പ്രസ്തുത കടമുറികൾ വാടകയ്ക്ക് എടുത്ത വ്യക്തികൾ വാടക സമയബന്ധിതമായി ഒടുക്കിയിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. വാടക ഒടുക്കാത്തവരുടെ വിവരങ്ങൾ താഴെ നൽകുന്നു.

| ക്രമ നം. | കുടിശ്ശികക്കാരന്റെ പേര് | കടമുറി നമ്പർ | കുടിശ്ശിക തുക |
|---|---|---|---|
| 1 | P.S. ലാലി കുമാരി | V | 16,416 |
| 2 | പുഷ്പാംഗദൻ | MKS II | 7454 |
| 3 | സത്യരാജൻ | XVI | 13,551 |

| | | | |
|---|---|---|---|
| 4 | കുമാരി | MKS XIX | 18900 |
| 5 | അരുണാചലം | MOS1 | 10,208 |
| 6 | ബിജു | MOSV | 11,508 |

ഇത് സംബന്ധിച്ച അയച്ച ഓഡിറ്റ് എൻക്വയറി എൻക്വയറി നം. 26/14.12.2023 പ്രകാരം കുടിശ്ശിക തുക പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്.പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശികതുക പലിശ സഹിതം പിരിച്ചെടുത്തു ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ അധികാര പരിധിയിൽപ്രവർത്തിച്ചുവരുന്ന ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കാത്തതായി കണ്ടെത്തി. വിശദാംശം താഴെ നൽകുന്നു.

| സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവാർഷികം | രണ്ടാം അർദ്ധവാർഷികം |
|---|---|---|
| റബ്ബർ ബോർഡ് പാലോട് | ഇല്ല | ഇല്ല |
| BSNL പാലോട് | ഇല്ല | ഇല്ല |

പ്രസ്തുത സ്ഥാപങ്ങൾക്ക് ഡിമാൻഡ് നോട്ടീസ് നല്കിയതിന്റെയും,നികുതി ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെയും വിവരം ലഭ്യമാക്കുന്നതിനായി കൊടുത്ത ഓഡിറ്റ് എൻക്വയറി നം. 17/12.12.2023 ന്റെ മറുപടി പ്രകാരം നികുതി ഡിമാൻന്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ ഒടുക്കിയിട്ടില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. യഥാസമയം തൊഴിൽ നികുതി ഒടുക്കാത്ത പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പലിശ അടക്കം പിരിച്ചെടുക്കാൻ ഉള്ള തുടർനടപടികൾ സ്വീകരിച്ച് ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ലേലവ്യവസ്ഥകൾ പാലിക്കപ്പെട്ടില്ല-ലേല തുക നഷ്ടപ്പെടാൻ സാധ്യത

2022-23 സാമ്പത്തിക വർഷം നന്ദിയോട് പഞ്ചായത്തിലെ പബ്ലിക് മാർക്കറ്റ് ഗേറ്റ് ഫീ പിരിക്കുന്നതിനായുള്ള അവകാശം ശ്രീ സുനിൽ കുമാർ ശ്രുതി നിവാസ് എന്ന വ്യക്തിക്ക് 1,68,000/- രൂപയ്ക്ക് ലേലം ചെയ്തു നല്കിയിട്ടുള്ളതാണ്. എന്നാൽ ലേല രജിസ്റ്റർ പ്രകാരം ഒന്നാം ഗഡു 84,000/- രൂപ മാത്രമാണ് നാളിതുവരെ ടിയാൻ ഒടുക്കിയിട്ടുള്ളത്. 09.03.2023 തീയതിയിലെ B1 1240/22 നമ്പർ ലേലപരസ്യത്തിൽ പ്രതിപാദിച്ചിരിക്കുന്ന ലേല വ്യവസ്ഥ പ്രകാരം ലേല തുകയുടെ അവസാന രണ്ട് ഗഡുക്കൾ 30.06.2022, 30.09.2022 എന്നീ തീയതികളിൽ ഒടുക്കേണ്ടതാണ്. ടി തുക ഒടുക്കാത്തതിന്റെ കാരണം സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി (13/11.12.2023) യുടെ മറുപടി പ്രകാരം ടിയാന് ശേഷിക്കുന്ന തുക ഒടുക്കുന്നതിനായി പലതവണ നോട്ടീസ് നൽയിട്ടുണ്ടെന്നും എന്നാൽ നാളിതുവരെ തുക ഒടുക്കാത്ത സാഹചര്യത്തിൽ 31.05.2023ലെ 2(1) നമ്പർ ഭരണസമിതി തീരുമാനം പ്രകാരം ടിയനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

09.03.2023 തീയതിയിലെ B1 1240/22 നമ്പർ ലേലപരസ്യപ്രകാരം ലേലത്തിൽ പാലിക്കപ്പെടേണ്ട സുപ്രധാന വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. ലേല വ്യവസ്ഥ (3) പ്രകാരം ലേലം പഞ്ചായത്തു കമ്മിറ്റി അംഗീകരിച്ചു അറിയിപ്പ് കിട്ടി മൂന്നു ദിവസത്തിനുള്ളിൽ 200/- രൂപ വിലയുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതും ബാക്കി തുക ഒന്നായി അടയ്ക്കേണ്ടതുമാണ്.

2. ലേല വ്യവസ്ഥ (3) പ്രകാരം തവണ ആവശ്യമുള്ള പക്ഷം ലേലത്തുകയുടെ ഇരട്ടിയിൽ കുറയാത്ത തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് നിർദ്ദിഷ്ട ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട തഹസിൽദാറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്.

1,68,000/- രൂപയ്ക്ക് ലേലം സ്ഥിരപ്പെടുത്തി ആദ്യ ഗഡുവായി തുക കൈപ്പറ്റിയതിനാൽ ബാക്കി വരുന്ന തുകയ്ക്കുള്ള സോൾവൻസി വാങ്ങി മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കേണ്ടതായിരുന്നു. മേൽ വ്യവസ്ഥ ലേലനടപടികളിൽ പാലിക്കപ്പെട്ടിട്ടില്ലാത്തതായി കാണുന്നു. 2007 ലെ കേരള പഞ്ചായത്തിരാജ് (തിരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥരും തമ്മിലുള്ള തൊഴിൽ പരമായ ബന്ധവും പെരുമാറ്റവും) ചട്ടങ്ങൾ ചട്ടം7(1) പ്രകാരം തിരഞ്ഞെടുക്കപ്പെട്ട അധികാരിയോ, ഉദ്യോഗസ്ഥനോ സ്വീകരിക്കുന്ന തീരുമാനത്തിനു നടപടിക്കും അതാത് സംഗതി പോലെ തിരഞ്ഞെടുക്കപ്പെട്ട അധികാരിയോ ഉദ്യോഗസ്ഥനോ ഉത്തരവാദി ആയിരിക്കുന്നതാണ്. 1994 -ലെ കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 234(4) പ്രകാരം യഥാസമയം നടപടിയെടുക്കുന്നതിലുള്ള വീഴ്ചമൂലം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റു സംഖ്യകളോ കാലഹരണപ്പെടുകയും അത്തരം നഷ്ടത്തിന് ഉദ്യോഗസ്ഥൻ കാരണമാണെന്ന് കണ്ടെത്തിയാൽ പഞ്ചായത്തിന് നഷ്ടപെട്ട തുക പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും

ഈടാക്കേണ്ടതാണെന്ന പ്രതിപാദിക്കുന്നു. ആയതിനാൽ ലേല തുക പിരിച്ചെടുക്കാൻ പറ്റാത്ത പക്ഷം നഷ്ടപെട്ട തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. എത്രയും വേഗം അവശേഷിക്കുന്ന തുക ലേലക്കാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 രജിസ്ട്രേഷൻ ഇല്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996ലെ പഞ്ചായത്തീരാജ് നിയമം (വകുപ്പ് 265 മുതൽ 267വരെ) പ്രകാരം മുൻകൂട്ടി രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്തിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ലാത്തതും രജിസ്ട്രേഷൻ ലഭിച്ച സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നിടത്തോളം കാലം വർഷാവർഷം ലൈസൻസ് പുതുക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ചുവരുന്നത്.

- CAREER GUIDANCE PSC COACHING CENTER, NANNIYODE
- PACE ADVANCE COACHING CENTER, NANNIYODE
- EXCELLENT PSC COACHING CENTER PALODE
- AIM COMPETITIVE EXAM CENTER, PALODE
- SAPARYA ACADEMY, PALODE

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം29/14.13.2023 പ്രകാരം ഈ സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ മറ്റ് ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-15 സ്ത്രീ പദവി പഠനം - പെണ്ണടയാളങ്ങൾ - പദ്ധതി ലക്ഷ്യം തൻവർഷം കൈവരിച്ചില്ല

പദ്ധതി നമ്പർ : 209/23
പദ്ധതിയുടെ പേര് : സ്ത്രീ പദവി പഠനം - പെണ്ണടയാളങ്ങൾ
അടങ്കൽ തുക : 47,500/-
ചെലവ് തുക : 13,560/-
ഫണ്ടിനം : വികസന ഫണ്ട്

| | | |
|---|---|---|
| ബിൽ നമ്പർ, തുക | | : 1) 435/06.03.2023, 10,000/- |
| | | 2) 587/28.03.2023, 3,560/- |

തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വനിത ശിശു വികസന വകുപ്പും സംയുക്തമായി തിരുവനന്തപുരം ജില്ലയിലെ സ്ത്രീകളുടെ പദവി മനസ്സിലാക്കുന്നതിനും അതിലൂടെ ആവശ്യാനുസരണ പദ്ധതികൾ രൂപകൽപ്പന ചെയ്ത് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടപ്പാക്കുന്നതിനുമായി ആരംഭിച്ചതാണ് ഈ പദ്ധതി. പദ്ധതിയുടെ ലക്ഷ്യ പ്രാപ്തി സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (31/14.12.2023) ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിൽ 1000 വീടുകൾ സർവ്വേയ്ക്കായി തെരഞ്ഞെടുക്കുകയും ജനുവരി 22 -ാം തീയതി സർവ്വേ പൂർത്തിയാക്കുകയും ചെയ്ത് ജില്ലാ പഞ്ചായത്തിന് കൈമാറുകയും ചെയ്തതായി അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിൽ നിന്നും റിപ്പോർട്ട് വരുന്ന മുറയ്ക്ക് പെണ്ണടയാളങ്ങൾ പ്രസിദ്ധീകരിക്കുന്നതാണെന്ന് അറിയിച്ചു. പദ്ധതിയുടെ തുടർനടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-16 ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

ഇ-ടെണ്ടർ ഫോറങ്ങളുടെ വിലയായി ലഭ്യമായ തുകയിൽ 31.03.2023വരെ ₹ 446884/- അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്നതായി ബാങ്ക് സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഇതിൽ 2019-20 മുതലുള്ള വർഷങ്ങളിൽ ലഭിച്ച തുകകളും ജി.എസ്.ടി റീഫണ്ട് ചെയ്യേണ്ട തുകയും ഉൾപ്പെടുന്നു. തുക ഇതുവരെയായി കൈമാറാത്തതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.07/07.12.2023 നുള്ള മറുപടിയിൽ ഇ-ടെണ്ടർ പ്രക്രിയയുടെ ടെണ്ടർ ഫീ, വാറ്റ്, എന്നിവയും നടപ്പു സാമ്പത്തിക വർഷത്തെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ആയതിന്റെ ടെണ്ടർ ഫീ കൂടി ഉൾപ്പെടുത്തി തിരിച്ചടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുകകൾ കൈമാറി രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-17 ലൈഫ് ഭവനപദ്ധതി - ഭവന നിർമ്മാണം പൂർത്തിയാക്കാത്ത 34 ഗുണഭോക്താക്കൾ

A.
പദ്ധതി നമ്പർ :74/23
പദ്ധതിയുടെ പേര്: ലൈഫ് ഭവനപദ്ധതി (ടി.എസ്.പി.)
അടങ്കൽ തുക: 41,06,002/-
ചെലവ് തുക: 3,00,000/-
ഫണ്ടിനം: വികസന ഫണ്ട്

B.
പദ്ധതി നമ്പർ:80/23
പദ്ധതിയുടെ പേര്: ലൈഫ് ഭവനപദ്ധതി (എസ്.സി.പി.)
അടങ്കൽ തുക: 10,80,000/-
ചെലവ് തുക: 5,60,000/-
ഫണ്ടിനം: വികസന ഫണ്ട്:40,000/-

C.
പദ്ധതി നമ്പർ:73/23
പദ്ധതിയുടെ പേര്: ലൈഫ് ഭവനപദ്ധതി (ജനറൽ)
അടങ്കൽ തുക:33,43,785/-
ചെലവ് തുക: 20,80,000/-
ഫണ്ടിനം: വികസന ഫണ്ട്: 3,20,000/-

മാർഗ്ഗ രേഖകൾ പ്രകാരം [സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീ.16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ മേൽ പ്രോജക്ടുകൾ പ്രകാരം ഒന്നാം ഗഡു കൈപ്പറ്റിയെങ്കിലും വീട് നിർമ്മാണം പൂർത്തിയാക്കാത്തവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു. ആയത് പ്രകാരം ജനറൽ വിഭാഗം 20, പട്ടികജാതി 8, പട്ടിക വർഗ്ഗം 6 എന്നിങ്ങനെ ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർ 34 പേരാണ് ഉള്ളത്. (ഓഡിറ്റ് എൻക്വയറി നം.37/23 തീയതി 15.12.2023ന്റെ മറുപടി)

ജനറൽ വിഭാഗം

| Sl. No. | Name | Address | |
|---|---|---|---|
| 1 | Sarala Kumari | 412/Kallippara Aluvila, Aluvila, 695 562 | GEN |
| 2 | Manju (C/o Sujith) | 16/426/Manju Bhavan, 4 Cent Colony, 695 562 | GEN |
| 3 | Siji C | 14/20/Simi Bhavan, Vanchuvam, Elavattom, 695 562 | GEN |
| 4 | R Madhu Kumar | 000/Darmakshethra, Elavattom, 695 562 | GEN |
| 5 | Rajalekshmi | 666/Soumya Bhavan,Panayamuttom, 695 561 | GEN |
| 6 | Kamalamma | 6/478/Manpurathu Veedu, Panayamuttam, 695 562 | GEN |
| 7 | Moli | 000/M M Nivas, Elavattom, 695 562 | GEN |
| 8 | Babu | 6/643/Kaithamarapoyka Veedu, Elavattom, 695 562 | GEN |
| 9 | Soumya G | 162/Thumpottu Vila Veedu, Kurupuzha, 695 562 | GEN |
| 10 | Sheeja Kumari S | 169/Reshma Bhavan, Elavattom, 695 562 | GEN |
| 11 | Beena S | 271/Thadathaikathu Veedy, Anakuzhi, 695 562 | GEN |
| 12 | Anila V | 367/M S Nivas, Kaduvappara, 695 562 | GEN |
| 13 | Sundaresan | 278/Thadatharikathu Veedu, Anakuzhy, Meenmutty, 695 562 | GEN |
| 14 | Sheeba E | 0/Mekkumkara Veedu, Kallippara, 695 562 | GEN |
| 15 | Hema Latha R | 138/Choorazhithalakkal Veedu, Pacha Paluvally, 695 562 | GEN |

| | | | |
|---|---|---|---|
| 16 | Mallika M P | 560/Vazhaparamulamootil Veedu, Imbiyam Pacha, Vazhapara, 695 562 | GEN |
| 17 | Sindhu | 871/Thadatharikathu Veedu, Chonavila, 695 562 | GEN |
| 18 | Renjini V | 461/Kunnumpurathu Veedu, Plavara, Pacha P.O., 695 562 | GEN |
| 19 | Selvi | 334/Thadathrikathu Veedu, Paykkamoola, 695 562 | GEN |
| 20 | Kiran B S | 21/Udayagiri Cottage, Pacha, Paluvally, 695 562 | GEN |

പട്ടികജാതി വിഭാഗം

| Sl.No. | Name | Address | |
|---|---|---|---|
| 1 | Sulaja Kumari U S | 280/Thekkekonnil Veedu, Kudavanadu, 695 562 | SC |
| 2 | Mini Mol V S | 150/Thadatharikath Veedu, Alumkuzhi, 695 562 | SC |
| 3 | Sudheesh | 542/Chundakarikkakathu Veedu, Thannimoodu, 695 562 | SC |
| 4 | Babitha C | Kizhakkumkara Veedu, Kurupuzha | SC |
| 5 | Suja | 449/17/Thottupurath Kizhakkumkara, Kallippara, 695 562 | SC |
| 6 | Leela S | 200/Attarikathu Veedu, Meenmutty, 695 562 | SC |
| 7 | Rajan H | 867/Thadatharikathu Veedu, Paykamoola, 695 562 | SC |
| 8 | Sanal Kumar V | 46/ Rodarikathu Veedu, Thannimoodu, 695 562 | SC |

പട്ടികവർഗ്ഗ വിഭാഗം

| Sl.No. | Name | Address | |
|---|---|---|---|
| 1 | Mayoori P M | 0/Chathichalkarikkathil Veedu, Pachamala, Elavattom, P.O., 695 562 | ST |
| 2 | Bindhu J | 1624, Makkumkara Veedu, Pacha, Paluvally, 695 562 | ST |
| 3 | Arun S | 257, Arun Bhavan, Maguzhi Pacha Paluvally, 695 562 | ST |
| 4 | Akesh A S | 0, Kizhakkumkara Puthen Veedu, Mankuzhi, Pacha, 695 562 | ST |
| 5 | Sreejith A R | 109, Renjith Bhavan, Nagara, 695 562 | ST |
| 6 | Shibu | 000, Anakuhy,Manpurathu Veedu, Kidarakuzhi, 695 562 | ST |

വീട് നിർമ്മാണം പൂർത്തിയാക്കാത്തവരെകൊണ്ട് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-18 ആദായനികുതി-ഈടാക്കിയില്ല

| | | | |
|---|---|---|---|
| പ്രോജക്ട് നം. 221/23 എഞ്ചിനീയറിംഗ് വിംഗിന് വാഹനം വാടകയ്ക്ക് (സെക്രട്ടറി) | തനത്ഫണ്ട് അടങ്കൽ 1,80,000/- | ചെലവ് 1,68,000/- | 28000/- ചെക്ക്നം:004204/തീയതി./22-23 /17.5.22 28000/- ചെക്ക്നം:004283/തീയതി./22-23 /22.6.22 28000/- ചെക്ക്നം:004323/തീയതി. /22-23/20.7.22 28000/- ചെക്ക് നം:/തീയതി. /22-23 |

| | | | |
|---|---|---|---|
| | | | /12.8.22<br>28000/-<br>ചെക്ക് നമ്പർ004442/തീയതി.<br>/22.23/06.9.23<br>28000/-<br>ചെക്ക് നമ്പർ/തീയതി.<br>004543/22-23/28.10.22 |
| പ്രോജക്ട് നം. 99/23 (എഞ്ചിനീയറിംഗ് വിംഗിന് വാഹനം വാടകയ്ക്ക്(എ.ഇ) | അടങ്കൽ 3 ലക്ഷം | തനത്ഫണ്ട് ചെലവ് 1,56,000/- | 28000/-<br>ചെക്ക് നമ്പർ/തീയതി.<br>004619/22-23/12.12.22<br>28000/-<br>ചെക്ക് നമ്പർ/തീയതി.<br>004649/22-23/30.12.22<br>10000/-<br>ചെക്ക് നമ്പർ/004836 തീയതി.<br>22-23/23.01.23<br>30000/-<br>ചെക്ക് നമ്പർ/തീയതി.<br>5900322/22-23/03.02.23<br>30000/-<br>ചെക്ക് നമ്പർ/തീയതി.<br>5900326/22-23/06.03.23<br>30000/-<br>ചെക്ക് നമ്പർ/തീയതി.<br>004900/22-23/31.03.23 |
| **ആകെ** | | **3,24,000** | |

എഞ്ചിനീയറിംഗ് വിംഗിന് കോൺട്രാക്ട് അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുത്തപ്പോൾ വാടകയിനത്തിൽ ശ്രീ.അജയകുമാർ എന്നയാൾക്ക് 324000/-രൂപ തുക അനുവദിച്ച് നല്കിയിട്ടുണ്ട്. 1961 ലെ ആദായ നികുതി (വകുപ്പ് -194 സി) പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയ്ക്ക് മുകളിൽ പെയ്മെന്റ് നടത്തുമ്പോൾ 1 % തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്ത് 1 % ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല.

ആകെ തുകയായ 3,24,000/- യുടെ ആദായ നികുതിയായി 1 % തുക 3240/- രൂപ ഈടാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 18/22-23/12.12.23) ന് മറുപടിയായി ആദായ നികുതി ഈടാക്കി അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-19 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്റ്റുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം. /തീയതി |
|---|---|---|---|---|
| 1 | സാമൂഹിക സുരക്ഷാമിഷന് സംഭാവന നൽകൽ (94/23) | 100000 | 100000 | 11/22-23<br>07.10.22 |

| | | | | |
|---|---|---|---|---|
| 2 | ജില്ലാ ആസൂത്രണസമിതി സെക്രട്ടറിയേറ്റ് മന്ദിര നിർമ്മാണം (86/23) | 350000 | 350000 | 26/22-23 01.12.2022 |

പ്രസ്തുത അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 22/2022-23 (തീയതി 14.12.2023) -ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-20 സ്ഥല ലഭ്യത ഉറപ്പുവരുത്താതെ പ്രോജക്ട് നിർവഹണം-ഉദ്ദേശലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്ട് നമ്പർ – 33/23
പ്രോജക്ടിന്റെ പേര് – നന്ദിയോട് മണ്ണാരക്കുന്ന് പൊതുകുളത്തിന് സമീപം ടോയ്‌ലെറ്റ് സ്ഥാപിക്കൽ
അടങ്കൽ – 3,00,000/-
ഫണ്ട് – ധനകാര്യ കമ്മീഷൻ ഗ്രാന്റ്
കോൺട്രാക്ടർ -ശ്രീ. സനൽകുമാർ

നന്ദിയോട് മണ്ണാരക്കുന്ന് പൊതുകുളത്തിന് സമീപം ടോയ്‌ലെറ്റ് സ്ഥാപിക്കൽ എന്ന സ്പിൽ ഓവർ പ്രോജക്ട് 2022-23 സാമ്പത്തിക വർഷവും നടന്നിട്ടില്ല. എറ്റവും കുറവ് തുക ക്വാട്ട് ചെയ്ത ശ്രീ. സനൽകുമാറിന് (2,21,904/- രൂപ) 20.09.2022 ന് കരാർ തുക സെലക്ഷൻ നോട്ടീസ് നല്കി 30.09.2022 ന് കരാറിലേർപ്പെടുകയും ചെയ്തു. എന്നാൽ നാളിതുവരെ പ്രവൃത്തി തുടങ്ങിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15/11.12.23 യുടെ മറുപടിയിൽ നിന്നും പൊതുകുളത്തിന്റെ അതിർത്തിയുമായി ബന്ധപ്പെട്ട തർക്കം മൂലമാണ് പണി തുടരാൻ ആകാതെ നിർത്തേണ്ടി വന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇതിൽ നിന്നും വ്യക്തമായ മുന്നൊരുക്കമോ സ്ഥലപരിശോധനയോ ദീർഘ വീക്ഷണമോ ഇല്ലാതെയാണ് പദ്ധതികൾ ഏറ്റെടുക്കുന്നതെന്ന് വ്യക്തമായിട്ടുണ്ട്. ദീർഘ വീക്ഷണത്തോടെ പദ്ധതികൾ ഏറ്റെടുക്കേണ്ടതും പഞ്ചായത്തിന്റെ സമഗ്രവികസനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും സർക്കാർ നിർദ്ദേശം കർശനമായി പാലിക്കേണ്ടതുമാണ്.

## 1-21 ബയോകമ്പോസ്റ്റ് ബിൻ – പദ്ധതി ഉദ്ദേശ ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | വീടുകളിൽ ബയോകമ്പോസ്റ്റർ സ്ഥാപിക്കൽ |
| പ്രോജക്ട് നം. | 14/23 |
| അടങ്കൽ തുക | 3222946 |
| ചെലവ് തുക | 324240 |
| നിർവ്വഹണം | വി.ഇ.ഒ സർക്കിൾ-2 |

ഗ്രാമപഞ്ചായത്തിൽ ഉറവിട മാലിന്യസംസ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 1491 ബയോകമ്പോസ്റ്റ് ബിൻ സ്ഥാപിക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. ഇത് പ്രകാരം IRTC യുമായി ധാരണപത്രം ഒപ്പിടുകയുണ്ടായി. ബയോകമ്പോസ്റ്റ് ബിൻ ഒന്നിന് 2161.60/- രൂപയാണ് (ജി.എസ്.ടി ഉൾപ്പെടെ) നൽകേണ്ടത്. അതുപ്രകാരം 150 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃവിഹിതം ഒടുക്കിയതും കമ്പോസ്റ്റ് ബിൻ കൈപ്പറ്റിയിട്ടുള്ളതും. ആയതിന് തൻവർഷം IRTC പ്രോജക്ട് Implementation Unit-ന് 324240/- രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി ഗുണഭോക്താക്കൾക്ക് ബയോകമ്പോസ്റ്റ് ബിൻ വാങ്ങി നൽകിയതിന്റെ വിവരവും പദ്ധതിയുടെ നിർവ്വഹണത്തിനായി ഗുണഭോക്തൃവിഹിതമിനത്തിൽ പിരിച്ചെടുത്ത 32550/- തുക ചെലവഴിക്കാത്തതിന് കാരണവും ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 33/22-23-ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി സ്പിൽ ഓവറായി തുടരുന്നതായും ഇനിയുള്ള ഗഡുക്കൾ നൽകുമ്പോൾ ഗുണഭോക്തൃവിഹിതം ഉൾപ്പെടെ ചെലവഴിക്കുന്നതാണെന്നും മറുപടി നൽകി. തൻവർഷം 150 ഗുണഭോക്താക്കൾ മാത്രമെ ഗുണഭോക്തൃവിഹിതം അടച്ച് പദ്ധതി ആനുകൂല്യം കൈപ്പറ്റാൻ സന്നദ്ധരായിട്ടുള്ളൂ. ഉറവിട മാലിന്യസംസ്കരണമെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആരംഭിച്ച പദ്ധതി ഭാഗികമായി മാത്രമെ ലക്ഷ്യം കൈവരിച്ചിട്ടുള്ളുവെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.പദ്ധതി ലക്ഷ്യമിട്ട രീതിയിൽ ഗുണഭോക്താക്കളെ കണ്ടെത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-22 ലൈഫ് ഭവനപദ്ധതി വീട് നിർമ്മാണം പൂർത്തികരിച്ചിട്ടില്ല

നിർവ്വഹണം – വി.ഇ.ഒ. സർക്കിൾ – 2
ലൈഫ് മിഷൻ മുഖേന ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നത് സംബന്ധിച്ച മാർഗ്ഗരേഖകൾ പ്രകാരം [സ.ഉ.(കൈ.)നം.34/2018/ത.സ്വ.ഭ.വ. തീ.16.03.18] ഗുണഭോക്താക്കൾ ഒന്നാം ഗഡു കൈപ്പറ്റിയ

തീയതി മുതൽ 6 മാസം കൊണ്ട് വീട് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ നാളിതുവരെ രണ്ട് ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | പദ്ധതി | തുക | തുക നൽകിയ തീയതി | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | രേവതി .പി.എസ് | ലൈഫ് എസ്.ടി | 40000 | 11.10.21 | ബേസ്മെന്റ് |
| | | | 20000 | 22.10.21 | |
| | | | 160000 | 1.12.21 | |
| 2 | ഷാജി.പി | ലൈഫ് എസ്.ടി | 40000 | 16.11.21 | പണി ആരംഭിച്ചിട്ടില്ല |
| | | | 20000 | 16.11.21 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 34/2022-23 തീയതി 03.10.2023 -ന് ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താക്കൾക്ക് നോട്ടീസ് നൽകിയിട്ടും വീട് പണി ആരംഭിക്കുകയോ പൂർത്തീകരിക്കുകയോ ചെയ്യാത്തതിനാൽ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി. ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ സമയബന്ധിതമായി വീട് നിർമ്മാണം പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിരമായി ഇടപെടൽ ഉണ്ടാകേണ്ടതാണ്. തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 സബ്സിഡി മാർഗരേഖയിലെ നിബന്ധന പാലിക്കാതെ തുക നൽകി - 81610/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പുതിയ തുറന്ന കിണർ നിർമ്മാണം |
| പ്രോജക്ട് നം | 194/23 |
| അടങ്കൽ തുക | 1605000 |
| ചെലവ് തുക | 180000 |
| ബിൽ നം/ തീയതി | 10/22-23 27.12.22 15000/-<br>18/22-23 16.02.23 45000/-<br>20/22-23 25.02.23 45000/-<br>22/22-23 15.03.23 30000/-<br>25/22-23 24.03.23 45000/- |
| നിർവ്വഹണം | വി.ഇ.ഒ സർക്കിൾ-1 |

പ്രസ്തുത പദ്ധതിയിൽ ആനുകൂല്യം നൽകിയ ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയ വാല്യുവേഷൻ പരിശോധിച്ചതിൽ നിന്നും സബ്സിഡിയിനത്തിൽ അധികമായി തുക അനുവദിച്ചതായി കാണുന്നു.സബ്സിഡി മാർഗരേഖ (സഉ(കൈ) നം-115/2022/ ത.സ്വ.ഭ.വ തീയതി 28.05.2022 ) ഖണ്ഡിക 6.6(1) പ്രകാരം ജനറൽ വിഭാഗത്തിന് ആകെ ചെലവിന്റെ 50% ആണ് സബ്സിഡിയായി അനുവദിക്കേണ്ടത് (പരമാവധി 17500/- രൂപ). എന്നാൽ പ്രസ്തുത നിബന്ധന പാലിക്കാതെ സബ്സിഡി തുക അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാല്യുവേഷൻ പ്രകാരമുള്ള ആകെ ചെലവ് | നൽകിയ തുക | നൽകേണ്ടിയിരുന്ന തുക (50%) | വ്യത്യാസം |
|---|---|---|---|---|---|
| 1 | ലതിക .വി | 15100 | 15000 | 7550 | 7450 |

| | | | | | |
|---|---|---|---|---|---|
| 2 | ലതിക .ആർ | 15200 | 15000 | 7600 | 7400 |
| 3 | സന്ധ്യ .എസ് | 15225 | 15000 | 7615 | 7385 |
| 4 | ശാന്ത. സി | 15100 | 15000 | 7550 | 7450 |
| 5 | ലാലു.എസ് | 15100 | 15000 | 7550 | 7450 |
| 6 | ശാന്തകുമാരി.പി | 15750 | 15000 | 7875 | 7125 |
| 7 | ഷെറീന. എ | 15100 | 15000 | 7550 | 7450 |
| 8 | ശാന്ത. പി | 20000 | 15000 | 10000 | 5000 |
| 9 | ഷിബു.സി | 20000 | 15000 | 10000 | 5000 |
| 10 | അജികുമാർ | 20000 | 15000 | 10000 | 5000 |
| 11 | ഗീതകുമാരി | 15100 | 15000 | 7550 | 7450 |
| 12 | സുമ | 15100 | 15000 | 7550 | 7450 |
| | | | | **ആകെ** | **81610** |

സബ്സിഡി മാർഗരേഖയിലെ നിബന്ധന പാലിക്കാതെ തുക നൽകാനിടയായ സാഹചര്യം ഓഡിറ്റിനെ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം നം. 8/22-23 (തീയതി 07-12-2023) -ന് ധനസഹായത്തിനുള്ള തുകയ്ക്കനുസൃതമായിട്ടാണ് വാല്യൂഷൻ നൽകിയിട്ടുള്ളതെന്നും, എന്നാൽ യഥാർത്ഥ ചെലവ് 30000/- രൂപയിലധികം വരുന്നതാണെന്നും, ആകെ ചെലവിനുള്ള വാല്യൂഷൻ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. ഒരു പ്രവൃത്തി പൂർത്തീകരിച്ചതിനു ശേഷമാണ് പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തുന്നത് എന്നിരിക്കെ, ധനസഹായത്തിനുള്ള തുകക്ക് അനുസൃതമായാണ് മൂല്യനിർണ്ണയം നടത്തിയത് എന്നുള്ള മറുപടി അംഗീകരിക്കാൻ സാധിക്കുന്നതല്ല. അധികം നൽകിയ തുകയായ 81610/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം- 395109/- രൂപ തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം. | 185/2022-23 |
| പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് |
| അടങ്കൽ | 495000/- (വി.ഫ -Scp) |
| ചെലവ് | രൂ.395109/- |
| ബിൽ നം. | 05/2022-23 തീയതി 20.03.2023 (ട്രഷറി) |
| നിർവ്വഹണ ഉദ്യോഗസ്ഥ | HM ഗവ.എൽ.പി.എസ്.പാലോട് |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 11 ബിരുദ/ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചിരുന്നത്.പദ്ധതി നടത്തിപ്പിനായി TECOM BUSSINESS SYSTEMS എന്ന സ്ഥാപനത്തിൽ നിന്നും യൂണിറ്റിന് രൂ.35919/- നിരക്കിൽ 395109/- രൂപയ്ക്ക് 11 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തതിനുള്ള രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ ശ്രീ./ശ്രീമതി രാധു.എസ്, വിജേഷ് വിജയൻ, നീതു കൃഷ്ണ ദാസ്, ആശിഷ് വിജയ്, മഞ്ചിമ. എ, ലക്ഷ്മി.എ.എം, ആതിര.ബി, വിദ്യ .വി.എസ്, സജീഷ്.എസ്.എസ്. ആദിത്യ.ബി.എസ്.മിഥുൻ കൃഷ്ണദാസ്.എം എന്നിവർക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും സമാന ആനുകൂല്യം ലഭിച്ചിട്ടില്ല എന്നതിനുള്ള സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതു കാരണം മേൽ ഗുണഭോക്താക്കൾക്ക് സമാന ആനുകൂല്യം പട്ടികജാതി വികസന വകുപ്പിൽ നിന്നും ലഭിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ ഉറപ്പാക്കാനായിട്ടില്ല. മേൽ വിവരം ഓഡിറ്റ് എൻക്വയറി നമ്പർ - 10/2022-23 തീയതി : 08.12.2023 മുഖാന്തിരം നിർവ്വഹണ ഉദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുത്തിയതിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും സാക്ഷ്യപത്രം ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് കാലതാമസം കൂടാതെ ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ പ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതുവരെ പദ്ധതിക്കായി ചെലവിട്ട 395109/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-25 ഡെപ്പോസിറ്റ് പ്രവൃത്തികൾ - നിർവ്വഹണത്തിലെ അപാകതകൾ

| പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം./തീയതി |
|---|---|---|---|
| ഇലക്ട്രിക് പോസ്റ്റുകൾ വിവിധ മാറ്റി സ്ഥാപിക്കൽ (217/23) | 200000 | 117562 | 24/22-23 19486/- 1.12.22<br>30/22-23 37483/- 11.01.23<br>36/22-23 9006/- 09.02.23 |

| | | | |
|---|---|---|---|
| | | | 47/22-23 24761/- 28.02.23<br>50/22-23 6388/- 17.03.23<br>57/22-23 20438/- 536/27.03.23 |

| പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് തുക | ബിൽ നം./തീയതി |
|---|---|---|---|
| പൗവ്വത്തൂർ 48-ാം നമ്പർ അംഗൻവാടിയിൽ കുഴൽ കിണർ അനുബന്ധപ്രവർത്തനങ്ങൾ (105/23) | 110000 | 108518 | 15/22-23 07.10.23 |

1) കെ.എസ്.ഇ.ബി, ഭൂജലവകുപ്പ് എന്നിവയുമായി കരാറിലേർപ്പെട്ടിട്ടില്ല.

പദ്ധതി മാർഗരേഖ (സഉ(കൈ)നം-84/2022/ത.സ്വ.ഭ.വ തീയതി 19.04.2022) ഖണ്ഡിക 12.2(ഡി(ii)) പ്രകാരം തദ്ദേശഭരണസ്ഥാപനം നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെട്ടതിന് ശേഷം മാത്രമേ മുൻകൂർ തുക നൽകാവൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ പ്രസ്തുത നിബന്ധന പാലിക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്.

2) വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നം. 27 പ്രകാരം 117562/- രൂപ കെ.എസ്.ഇ.ബി-ക്ക് കൈമാറിയിട്ടുണ്ട്.പ്രസ്തുത തുകയിൽ 73691/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമെ കെ.എസ്.ഇ.ബി യിൽ നിന്ന് ലഭ്യമായിട്ടുള്ളൂ

പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾ നം-24/22-23, 25/22-23 (തീയതി-14.12.2023)-ന് ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ അപാകതകളുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകി. കെ.എസ്.ഇ.ബി-ക്ക് കൈമാറിയ തുകയിൽ 43871/- രൂപയുടെ വിനിയോഗസാക്ഷ്യപത്രവും, ഭൂജലവകുപ്പിൽ നിന്നുള്ള വിനിയോഗവിവരവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-26 അംഗൻവാടി പോഷകാഹാരം (ജനറൽ)- കോ-ഓപ്പറേറ്റീവ് ബാങ്ക് നൽകിയ 1,27,817/- രൂപയുടെ ക്യാഷ് ബില്ലുകൾക്ക് രണ്ടു തവണ പണം നൽകി.

പദ്ധതി നമ്പർ : 01/23
പദ്ധതിയുടെ പേര് : അംഗൻവാടി പോഷകാഹാരം (ജനറൽ)
അടങ്കൽ തുക : 20,50,000/- (വികസന ഫണ്ട് – 1200000, കേന്ദ്രാവിഷ്കൃത ഫണ്ട് – 700000/-,
(ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 150000/-)
ചെലവ് തുക : 14,71,129/-
ഫണ്ടിനം :
വികസന ഫണ്ട് : 12,00,000/-
കേന്ദ്രാവിഷ്കൃത ഫണ്ട് : 12,1129/-
ബ്ലോക്ക് പഞ്ചായത്ത് : 1,50,000/-
ബിൽ നമ്പർ, തുക :
1. 51/15.07.2022, 1,18,118/-
2. 69/25.08.2022, 1,09,433/-
3. 72/26.08.2022, 5,055/-
4. 109/07.10.2022, 1,47,976/-
5. 116/13.10.2022, 3,13,524/-
6. 188/08.12.2022, 57,102/-
7. 190/08.12.2022, 2,30,399/-
8. 370/14.02.2023, 18,393/-
9. 447/15.03.2023, 2,00,000/- (ഈ ബില്ലിൽ 1,27,817/- രൂപയുടെ അധിക ബിൽ ഉൾപ്പെടുന്നു)
10. 1,50,000/- (UTR No. RBI048239752763 തീയതി. 15.2.23 ബ്ലോക്ക് വിഹിതം)
11. 1,21,129/ (ചെക്ക് നമ്പർ 5900329 തീയതി. 27.03.23)

അംഗൻവാടി പോഷകാഹാര പദ്ധതിയിൽ 30 അംഗൻവാടികളിലേക്കും ഭക്ഷണ സാധനങ്ങൾ ഇറക്കിയ

വകയിൽ നന്ദിയോട് കോ-ഓപ്പറേറ്റീവ് ബാങ്കിന് 14.02.2023-ലെ സാംഖ്യ ബിൽ നം.370 പ്രകാരവും (18393/- രൂപ), 15.02.2023 ലെ UTR No. RBI048239752763 (1,50,000/-) പ്രകാരവും നൽകിയ ആകെ തുകയായ 168393/- രൂപയിൽ ഉൾപ്പെട്ട കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ 127817/- രൂപയുടെ ക്യാഷ് ബില്ലുകൾ വീണ്ടും 15.03.2023-ലെ സാംഖ്യ ബിൽ നം.447 (2,00,000/- രൂപ) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥ നന്ദിയോട് കോ-ഓപ്പറേറ്റീവ് ബാങ്കിന് മാറി നൽകിയതായി കാണുന്നു. ഇപ്രകാരം ബാങ്ക് സമർപ്പിച്ച 1,27,817/- രൂപയുടെ ക്യാഷ് ബില്ലുകൾക്ക് രണ്ടു തവണ പണം നൽകിയതിലൂടെ പഞ്ചായത്തിന് 1,27,817/- രൂപയുടെ നഷ്ടം സംഭവിച്ചതായി കാണുന്നു.

ഇപ്രകാരം തുക അധികം നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 30/14.12.2023) ക്ക് ലഭിച്ച മറുപടിയിൽ മാർച്ച് മാസത്തെ തിരക്ക് കാരണം അറിയാതെ സംഭവിച്ചതാണെന്നും തുടർ സാമ്പത്തിക വർഷത്തിൽ ഈ തുക ക്രമീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.അല്ലാത്ത പക്ഷം ടി തുക നിർവഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി മാറുന്നതാണ്.

### 1-27 ജ്വാല-പദ്ധതി അപാകതകൾ

പദ്ധതി നമ്പർ : 208/23
പദ്ധതിയുടെ പേര് : ജ്വാല-സ്ത്രീകളുടെ സമഗ്ര വികസനവും, സുരക്ഷയും
അടങ്കൽ തുക : 2,29,000/-
ചെലവ് തുക : 41,670/-
ഫണ്ടിനം : വികസന ഫണ്ട്
നിർവ്വഹണ ഉദ്യോഗസ്ഥ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ
ബിൽ നമ്പർ, തീയതി, തുക :
1. 339/03.02.2023, 13,700/-
2. 439/15.03.2023, 17,000/-
3. 588/28.03.2023, 10,970/-

മേൽ വിവരിച്ച പദ്ധതിയിൽ സ്ത്രീകളുടെ സമഗ്ര വികസനവും സുരക്ഷയും ഉറപ്പാക്കുന്നതിന് ആണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. കമ്മ്യൂണിറ്റി ഫെസിലേറ്റർ എന്ന തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ രണ്ട് ജീവനക്കാരെ നിയമിക്കുകയും അവർക്ക് പ്രതിമാസം 17,000/- രൂപ നിരക്കിൽ (13700+17000+10970=41670/-) ശമ്പളം നൽകിയിട്ടുമുണ്ട്. മേൽ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ സ്ത്രീകളുടെ വികസനവും സുരക്ഷയും ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ, പദ്ധതി പ്രവർത്തനങ്ങളുടെ മിനിട്ട്സ് എന്നിവ ലഭ്യമാക്കിയിട്ടില്ല. പദ്ധതി പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രോ. നം./ പ്രോജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 154, സോളാർ ഫെൻസിംഗ് | 98375 |
| 2 | | 2022-23 | 47,ന്യൂ ലൈഫ് (ജനറൽ) | 260000 |

| | | | | |
|---|---|---|---|---|
| 3 | | 2022-23 | 48,ന്യൂ ലൈഫ് (പട്ടികജാതി) | 40000 |
| 4 | | 2022-23 | 1, അംഗൻവാടി പോഷകാഹാരം (ജനറൽ) | 150000 |
| 5 | | 2022-23 | 202, സ്നേഹസ്പർശം | 285000 |
| 6 | | 2022-23 | 87,ക്ഷീര സമൃദ്ധി | 435122 |
| | **ആകെ** | | | **1268497** |
| 7 | ജില്ലാ പഞ്ചായത്ത് | 2022-23 | 202, സ്നേഹസ്പർശം | 285000 |
| 8 | | 2022-23 | 56, ലൈഫ് ഭവനപദ്ധതി (ടി.എസ്.പി) | 167560 |
| 9 | | 2022-23 | 15, പഞ്ചായത്ത് സിവിൽ സ്റ്റേഷൻ നിർമ്മാണം | 396114 |
| 10 | | 2022-23 | 87,ക്ഷീര സമൃദ്ധി | 184485 |
| 11 | | 2022-23 | 80, ലൈഫി ഭവന പദ്ധതി(എസ്.സി.പി) | 80000 |
| | **ആകെ** | | | **1113159** |

## 4-2 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ വർഷം | തൻ വർഷം ചെലവഴിച്ച തുക (രൂപ) | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | വിവിധ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2022-23 | 117562 | |
| | നിലാവ് പദ്ധതി | | 98000 | |
| കേരള വാട്ടർ അതോറിറ്റി | സിവിൽ സ്റ്റേഷൻ പരിസരത്തിൽ കുഴൽ കിണർ നിർമ്മാണം | 2022-23 | 102346 | |
| **ആകെ** | | | **317908/-** | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| വായ്പ വിവരം | ഉത്തരവ് നമ്പർ / തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (മുൻ വർഷത്തെ B-5 ഷെഡ്യൂൾ പ്രകാരം) | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | തൻവർഷം തിരിച്ചടച്ച തുക (സ്വലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| സെക്യൂർഡ് ലോൺ ഫ്രം കോ-ഓപ്പറേറ്റീവ് ബാങ്ക് | -- | 272554 | ഇല്ല | ഇല്ല | ലഭ്യമല്ല * |
| KURDFC | -- | 94344001 | 7180000 | 9272407 | 92251594 |

* ഹെഡ്കോഡ് 330500102 സെക്യൂർഡ് ലോൺ ഫ്രം കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നയിനത്തിൽ 2021-22 വാർഷിക കണക്കുകൾ പ്രകാരം 2,72,554/- രൂപയുടെ ബാധ്യത നിലനിന്നിരുന്നു. എന്നാൽ ടി തുകയുടെ തിരിച്ചടവ്, നിലവിലെ ബാധ്യത വിവരം എന്നിവ ലോൺ ലെഡ്ജറിൽ ലഭ്യമല്ല. വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമ നം. | ഓഡിറ്റ് വർഷം | ഖണ്ഡിക നം. | തുക | രസീത് നം./തീയതി | ഒടുക്കിയ ആളിന്റെ പേര് |
|---|---|---|---|---|---|
| 1 | 2005-06 | 2 (1) | 1224 | 1220100259/27.04.22 | ശ്രീമതി ലീന .ജി.വി |
| 2 | 2005-06 | 2 (1) | 155 | 1220100262/27.04.22 | ശ്രീ. സജിത്ത് |
| | | **ആകെ** | **1379** | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 18555699 |
| ഓഡിറ്റ് വർഷത്തെ വരവ് | 61487146 |
| ആകെ | 80042845 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 58619122 |
| നീക്കിയിരിപ്പ് | 21423723 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **4,76,719** |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായഉദ്യോഗസ്ഥൻ |
|---|---|---|
| | ഇല്ല | |

**സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 81,610 | ശ്രീ. സനൽ കുമാർ .വി.കെ, വി.ഇ.ഒ. സർക്കിൾ 1 |
| 1-24 | 3,95,109 | ശ്രീമതി. വിജയലക്ഷ്മി, ഹെഡ് മിസ്ട്രസ് |
| **ആകെ** | **4,76,719** | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ. സനൽ കുമാർ .വി.കെ, വി.ഇ.ഒ. സർക്കിൾ 1 | കുളത്തൂർ ഗ്രാമപഞ്ചായത്ത് | നീർമാതളം, തൃക്കോവിൽ, ഭരതന്നൂർ .പി.ഒ |
| 2 | ശ്രീമതി. വിജയലക്ഷ്മി, ഹെഡ് മിസ്ട്രസ് | ഗവ. എൽ.പി.എസ്. പാലോട് | ബി.വി.ഹൗസ്, പന്തളമുക്ക്, പുലിപ്പാറ .പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 1<br>(3-33) |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 1<br>(3-7) |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 2<br>(3-4, 3-6) |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 1<br>(3-5) |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 2<br>(3-12, 3-13) |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 5<br>(3-8, 3-10, 3-12, 3-14, 3-16) |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 4<br>(3-4, 3-11, 3-12, 3-13) |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 3<br>(3-6 (1), 3-7, 3-9) |
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 8<br>(3-2, 3-3, 3-4, 3-5, 3-6-1, 3-6-2, 3-7, 3-8) |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 10<br>(3-1, 3-4, 3-5, 3-10, 3-11, 3-13, 3-14,3-15, 3-16, 3-17) |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 14<br>(2-1 (എ,ബി,സി), 2-4, 2-5, |

| | | |
|---|---|---|
| | | 2-6, 2-7, 2-8, 3-2, 3-3, 3-4, 3-7,<br>3-10, 3-12, 3-15, 3-16) |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 1<br>(3-10) |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 5<br>(2-2 (എ), 2-2 (ബി),<br>2-2 (സി), 3-1, 3-5) |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 3<br>(3-1, 3-2, 3-5) |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 8<br>(2-2, 3-1 (1,2), 3-2,<br>3-3, 4-3-8, 3-9, 3-9-3) |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.13/1180/2022 തീയതി 08.11.2022 | 5<br>(3-1, 3-2, 3-4, 3-6, 3-9) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/474/2019, തീയതി. 01.01.2021 | 29 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2180/2019, തീയതി 16.12.2020 | 13 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/1352 /2021, തീയതി 24.11.2021 | 42 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/775 /2022, തീയതി 03.06.2022 | 55 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2146 /2022, തീയതി 27.01.2023 | 47 |

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 7(1) dated 26-07-2023 and submitted on 10-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Nanniyode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nanniyode Grama Panchayat for the year 2022-2023

**Date: 27/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Nanniyode Grama Panchayat for the Year 2022-2023 .

**1.Major Observations**

NIL

**2.Other Observations**

1. Annual financial statement not submitted to Audit within the time limit stipulated in Kerala Local Fund Audit Act 1994. It was submitted on 10.08.2023.

2. Mandatory financial statement not attached. Eg. The financial ratios,notes to accounts, B-1 Schedule( Adjusted performance for the current year) etc were not submitted with the Annual Financial Statement.

3.The difference between cash and cash equivalance(2868024/-) does not match with the net cash generated by operating, investing and financing activities(20605210/-).

4.Provision for expected expenditure for the month of march 2023( eg. Salary,fuel expense,honararium) is not included

in the balance sheet.

5. Yearly Valuation of stock and stores are not done at the end of the financial year and also not included in B-14 stock in hand ( inventories) schedule.

6. Depreciation statement not produced for verification in audit.

7.The reason for the difference between secured loan amount (Rs.92251597/-) and pre-paid expense amount(Rs.88911594/-) is not properly explained to audit.

8. As per balance sheet no amount was given as part bill (Rs. nil) for capital work in progress whereas an amount of Rs.1283216/- was given as capital work in progress as per deatils given by Assitant Engineer.

9.Property Tax Demand, Collection, Balance -Mismatch between Sanchaya portal and Annual Financial Statement.

| | sanchaya | | | AFS | | |
|---|---|---|---|---|---|---|
| | demand | collection | balance | demand | collection | balance |
| residential (current) + non-residential (current) | 4020853 | 3138848 | 860745 | 3827158 | 3200105 | 657648 |
| residential(arrear) + non-residential (arrear) | 2452648 | 1171189 | 1281459 | 2382047 | 1231492 | 1088981 |

10. Property Tax Demand, Collection, Balance amount is not matching among themselvs in Annual Financial Statement.

| | demand | collection | balance |
|---|---|---|---|
| residential(current) | 1246346 | 964487 | 294473 |
| non-residential(current) | 2580812 | 2235618 | 363175 |
| residential(arrear) | 1014073 | 637908 | 344270 |
| non-residential(arrear) | 1367974 | 593584 | 744711 |

11.Details on bank accounts in AFS is not mapped in ILGMS.

| Sll no | Bank details | Account details | Cash balance as per AFS |
|---|---|---|---|
| 1 | Nationalised bank account of own revenue fund | Not available | 21059/- |

12.Cheque deposited for Rs. 36000/- is not credited in bank account.

| Sl no | Account details | Receipt no/date | amount | remarks |
|---|---|---|---|---|
| 1 | 58760100005314 @ Bank of Baroda | 1220000308/ 3.03.2023 | 36000/- | NIL |

13.In following accounts, the reason for difference between closing balance of 2021-22 and opening balance of 2022-23,is not explained with supporting proofs and documents.

| Sl no | bank/treasury | Closing Account details | Balance as per 2021-22 AFS | Opening balance as per 2022-23 AFS |
|---|---|---|---|---|
| 1 | Treasury special fund old SGRY | Not available | 6612 | Not included |
| 2 | Treasury special TSB-Joint Venture | Not available | 1000000 | Not included |
| | | total | 1006612 | |

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നന്ദിയോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്